പൂജപ്പുര എ/588-ാം നമ്പർ ക്വാർട്ടേഴ്സ് അനുവദിക്കുവാൻ നടപടി

112 (3753) ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൂജപ്പുര രാജീവ് നഗർ ഗവൺമെന്റ് ക്വാർട്ടേഴ്സിലെ 47/588 എന്ന ക്വാർട്ടേഴ്സ് ഇപ്പോൾ ആരുടെ പേരിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ആരുടെയും പേരിലല്ലെങ്കിൽ ഇത് ഒഴിഞ്ഞിട്ട് എത്രകാലമായി ;

(സി) ആർക്കെങ്കിലും അനുവദിച്ചിട്ടുണ്ടെങ്കിൽ ഏത് മാസം വരെയുള്ള വാടക ലഭിച്ചിട്ടുണ്ട് ;

(ഡി) പ്രസ്തുത ക്വാർട്ടേഴ്സ് ഒഴിവാണെങ്കിൽ എന്നു മുതൽ ; ഒഴിഞ്ഞ വിവരം ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുണ്ടോ ;

(ഇ) ഈ ക്വാർട്ടേഴ്സിന് അപേക്ഷ ആരെങ്കിലും നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പൂജപ്പുര ഗവൺമെന്റ് ക്വാർട്ടേഴ്സിൽ എ ടൈപ്പിൽപ്പെട്ട 47/588 എന്ന ക്വാർട്ടേഴ്സ് ഇപ്പോൾ ആരുടെയും പേരിലല്ല.

(ബി) ഈ ക്വാർട്ടേഴ്സ് 25-11-1998 മുതൽ ഒഴിഞ്ഞു കിടക്കുകയാണ്.

(സി) ഈ ക്വാർട്ടേഴ്സ് ആർക്കും ഇതുവരെ നൽകിയിട്ടില്ല.

(ഡി) 25-11-1998 മുതൽ ഈ ക്വാർട്ടേഴ്സ് ഒഴിഞ്ഞു കിടക്കുന്നു എന്ന വിവരം ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുണ്ട്.

(ഇ) ഒരു അപേക്ഷ ജില്ലാ കളക്ടർക്ക് ലഭിച്ചിട്ടുണ്ട്.

ആധാരത്തിന്റെ നമ്പരും വിശദാംശങ്ങളും

113 (3754) ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 8-6-1999-ന് 979/1998 നമ്പരായി മല്ലപ്പള്ളി സബ്രജിസ്ട്രാർ ഓഫീസിൽ നടന്ന ആധാരപ്രകാരം അടുങ്കപ്രത്ത് ജോസഫ് പണിക്കരിൽ നിന്നും തെക്കേമുറിയിൽ റ്റി. എസ്. ജോൺ മുതൽപേർ വാങ്ങിയ പതിനഞ്ചരസെന്റ് സ്ഥലം കല്ലൂപ്പാറ എഞ്ചിനീയറിംഗ് കോളേജിനുവേണ്ടി ഐ. എച്ച്. ആർ. ഡി.ക്ക് കൈമാറിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നാണ് കൈമാറിയത് ; ഇതിനുവേണ്ടി നടത്തിയ ആധാരത്തിന്റെ നമ്പരും വിശദാംശങ്ങളും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 15-11-1999-ന് കൈമാറിയിട്ടുണ്ട്. ഐ. എച്ച്. ആർ. ഡി ക്കുവേണ്ടി മാനേജിങ് ഡയറക്ടർ ശ്രീ. കെ. സി. ബാലകൃഷ്ണൻ പേർക്ക് തെക്കേമുറിയിൽ റ്റി. എസ്. ജോൺ കല്ലുപ്പാറ വില്ലേജിലെ റീസർവേ 244/2-ൽ 6 ആർ 27 ച. മീറ്റർ സ്ഥലം 85,000 രൂപ മതിപ്പുവില കാണിച്ച് മല്ലപ്പള്ളി സബ് രജിസ്ട്രാർ ആഫീസിലെ 447-ാം വാല്യം 459 മുതൽ 462 വരെ വശങ്ങളിൽ 1889/99-ാം നമ്പരായി ഭാഗ ആധാരമായി രജിസ്ട്രർ ചെയ്തു നൽകിയിട്ടുണ്ട്.

(3670, 3675 എന്നീ നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

II ശ്രദ്ധക്ഷണിക്കൽ

(1) ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളിലുള്ളതായി പറയപ്പെടുന്ന അപാകതകൾ

ശ്രീ. അടൂർ പ്രകാശ് : സർ, കേരളത്തിലെ 14 ജില്ലാ ബാങ്കുകളിലെ 4100-ഓളം വരുന്ന ജീവനക്കാരുടെയും അതുപോലെ സംസ്ഥാന സഹകരണ ബാങ്കിലെ 400-ഓളം വരുന്ന ജീവനക്കാരുടെയും അടിയന്തിര ആവശ്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിലും ഈ സഭയുടെ മുമ്പാകെയും കൊണ്ടു വരുന്നതിനു വേണ്ടിയാണ് ഞാൻ ഇത് അവതരിപ്പിക്കുന്നത്. സഹകരണ ബാങ്കുകളിലെ ജീവനക്കാരുടെ അടിയന്തിര ആവശ്യങ്ങൾ അടങ്ങുന്ന ഒരു അവകാശപ്പത്രിക ആൾ കേരള ജില്ലാ സഹകരണ ബാങ്ക് എമ്പ്ലോയീസ് കോൺഗ്രസും, ആൾ കേരള ജില്ലാ സഹകരണ ബാങ്ക് എമ്പ്ലോയീസ് ഫെഡറേഷനും കൂടി സംയുക്തമായി ബഹുമാനപ്പെട്ട മന്ത്രിക്ക് 9-02-2000-ൽ നൽകുകയുണ്ടായി. ഈ അവകാശപ്പത്രികയിൽ പറഞ്ഞിരിക്കുന്ന ന്യായമായ ആവശ്യങ്ങൾ നടപ്പാക്കുന്നതിന് അടിയന്തിരമായ നടപടികൾ സ്വീകരിക്കേണ്ടതായുണ്ട്. ഇതിൽ പറഞ്ഞിരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം ജീവനക്കാരുടെ പ്രൊമോഷൻ സംബന്ധിച്ചുള്ളതാണ്. ഈ ജീവനക്കാരുടെ പ്രൊമോഷൻ സംബന്ധിച്ച പ്രശ്നങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്. 1999 ഏപ്രിൽ വരെ ജില്ലാ സഹകരണ ബാങ്കുകളിലെ ജീവനക്കാർക്ക് പ്രൊമോഷൻ ലഭിച്ചിരുന്നത് അവരുടെ സർവ്വീസ് സീനിയോറിറ്റി അനുസരിച്ചായിരുന്നു. എന്നാൽ ഇപ്പോൾ 1999-ൽ ഉത്തരവായ ചട്ട ഭേദഗതിയിലൂടെ നമ്മുടെ സംസ്ഥാനത്ത് ഒരു മേഖലയിലും ഇല്ലാത്ത തരത്തിൽ ഒരു മത്സര പരീക്ഷാ സമ്പ്രദായം നടപ്പാക്കുവാനുള്ള തീരുമാനം എടുത്തിരിക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ഈ മത്സരപ്പരീക്ഷ നടക്കുമ്പോൾ ആ മത്സരപ്പരീക്ഷയിൽ വിജയിക്കുന്നവരുടെ റാങ്ക് ലിസ്റ്റ് ഉണ്ടാക്കണമെന്ന നിർദ്ദേശമാണ് കൊടുത്തിട്ടുള്ളത്. ഈ റാങ്ക് ലിസ്റ്റ് ഉണ്ടാകുന്നതിനുള്ള നിർദ്ദേശം കൊടുക്കുമ്പോൾ പല ആളുകളുടെയും സീനിയോറിറ്റി മറികടക്കുവാനുള്ള സാഹചര്യം ഉണ്ടാകാനിടയുണ്ട്. ആ സീനിയോറിറ്റി

LIBRARY ARCHIVES Kerala Legislative Assembly